## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:1011

30.11.2018-ലെ മറുപടിക്ക്

## മരട് നഗരസഭയിലെ കുടിവെള്ള വിതരണ പദ്ധതി

| ചോദ്യം | | | മറുപടി |
|---|---|---|---|
| ശ്രീ.എം. സ്വരാജ് | | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) | മരട് നഗരസഭയിലെ കുടിവെള്ള വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനുള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ ; | (എ)<br>&<br>(ബി) | മരട് മുനിസിപ്പാലിറ്റി വിതരണ ശൃംഖല ശക്തിപ്പെടുത്തൽ - എന്ന പദ്ധതിയിൽ വിതരണ ശൃംഖലയിലെ പഴക്കം ചെന്ന 50 കി. മീറ്ററോളം പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്. പദ്ധതി 6 ഘടകങ്ങളാക്കി തിരിച്ചാണ് നടപ്പിലാക്കുന്നത്. ഈ പദ്ധതിയുടെ നിലവിലെ സ്ഥിതി അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതി എത്ര ഘട്ടമായിട്ടാണ് നടപ്പിലാക്കുന്നതെന്ന് അറിയിക്കുമോ; ഓരോ ഘട്ടത്തിന്റെയും വിശദാംശങ്ങൾ നൽകുമോ ; | | |
| (സി) | പദ്ധതിയുടെ ഓരോ ഘട്ടവും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഓരോ ഘട്ടവും എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) | പദ്ധതിയുടെ ഘടകങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള ത്വരിത നടപടികൾ സ്വീകരിച്ചു വരുന്നു.<br>നാഷണൽ ഹൈവേ അതോറിറ്റിയുടെ അനുമതി ലഭിക്കേണ്ടതും നിലവിലെ ട്രാഫിക് നിയന്ത്രണങ്ങൾ മൂലം കുണ്ടന്നൂർ മേൽപ്പാലത്തിന്റെ പ്രവൃത്തി കഴിയുന്ന മുറയ്ക്ക് മാത്രം നടത്താൻ സാധിക്കുന്നതുമായ ഘടകം 4 ന്റെ ഭാഗവും, ഘടകം 6 ഉം ചേർത്ത് 5 കി.മീറ്റർ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി 2019 അവസാനത്തോടെ മാത്രമേ ക്രമീകരിക്കുവാൻ സാധിക്കുകയുള്ളൂ. ബാക്കി ഘടകങ്ങൾ ആയ 2, 3, 4 sub 1, 5 ഘടകങ്ങൾ 2019 മെയ് മാസത്തിനുള്ളിൽ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ